"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പൊതുസ്ഥലം മാറ്റത്തിനെതിരായി നോർത്ത് പറവൂർ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ജിൻസി ജോർജ്ജ് സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.28/2024/LSGD തീയതി,തിരുവനന്തപുരം, 04-01-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി. ജിൻസി ജോർജ്ജ് സമർപ്പിച്ച 06.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2023 തീയതിയിലെ LSGD/PD/64899/2023-DEC1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതുസർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി നോർത്ത് പറവൂർ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ജിൻസി ജോർജ്ജ് പരാമർശം 2 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീമതി. ജിൻസി ജോർജ്ജ് സമർപ്പിച്ച അപേക്ഷ പ്രകാരം പൊതുസ്ഥലം മാറ്റഉത്തരവ് പ്രകാരം തന്നെ 18-മത്തെ ഓപ്ഷനായ പുറമറ്റം ഗ്രാമപഞ്ചായത്തിലാണ് നിയമിച്ചത് എന്നും തന്നെക്കാൾ സീനിയോരിറ്റി കുറഞ്ഞവരെ തന്റെ ആദ്യ ഓപ്ഷനുകളിൽ നിയമിച്ചതായും 2005 മുതൽ പത്തനംതിട്ട നഗരസഭയിൽ ജോലി ചെയ്യുന്ന വിനോദ് ചന്ദ്രൻ എന്നയാളെ സ്ഥലംമാറ്റിയിട്ടില്ലായെന്നും അറിയിക്കുന്നു. താൻ നാളിതുവരെ ഹോംജില്ലയായ പത്തനംതിട്ടയിൽ ജോലി ചെയ്തിട്ടില്ലായെന്നും ആയതിനാൽ തന്റെ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് തിരുവല്ല, പത്തനംതിട്ട, പന്തളം,അടൂർ, നഗരസഭകളിലെവിടെയെങ്കിലും സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പ്രകാരം ശ്രീമതി ജിൻസി ജോർജ്, സീനിയർ ക്ലർക്ക്, തിരുവല്ല മുനിസിപ്പാലിറ്റി, പത്തനംതിട്ട മുനിസിപ്പാലിറ്റി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി , ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, മാവേലിക്കര മുനിസിപ്പാലിറ്റി, പന്തളം മുനിസിപ്പാലിറ്റി, കായംകുളം മുനിസിപ്പാലിറ്റി, അടൂർ മുനിസിപ്പാലിറ്റി, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം പത്തനംതിട്ട, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്, കോയിപ്രം

ബ്ലോക്ക് പഞ്ചായത്ത്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് എന്നീ ഓപ്ഷനുകളിലായി സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിരുന്നതായും, അന്തിമ ക്യൂ ലിസ്റ്റ് പ്രകാരം അപേക്ഷകയുടെ നിലവിലെ സ്റ്റേഷൻ സീനിയോറിറ്റിയും ഇലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റിയും 193 ദിവസം ആണ് എന്നും, ടോട്ടൽ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി 851 ദിവസം ഉണ്ട് എന്നും മുൻഗണന മാനദണ്ഡങ്ങൾ ഒന്നും ബാധകമല്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിക്കുന്നു.

4. അപേക്ഷക ആക്ഷേപം ഉന്നയിച്ചിട്ടുള്ള ശ്രീമതി ഷാഹിന പി എം (പെൻ ജി 51639) ന്റെ നിലവിലെ സ്റ്റേഷൻ സീനിയോറിറ്റിയും ഇലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റിയും 607 ദിവസം ആണ് എന്നും, കൂടാതെ ടിയാൾ പ്രവാസി കേരളീയരുടെ ഭാര്യ എന്ന മുൻഗണന വിഭാഗത്തിൽ പെടുന്നതായും അറിയിക്കുന്നു. ശ്രീമതി അഖില എൻ എസ് ന്റെ നിലവിലെ സ്റ്റേഷൻ സീനിയോറിറ്റിയും ഇലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റിയും 607 ദിവസം ആണ് എന്നും ടിയാൾ, ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാർ എന്ന മുൻഗണന വിഭാഗത്തിൽ പെടുന്നതായും അറിയിക്കുന്നു. ശ്രീമതി രാജി ജി പെൻ (616037) ന്റെ നിലവിലെ സ്റ്റേഷൻ സീനിയോരിറ്റിയും ഇലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റിയും 466 ദിവസം ആണ് എന്നും ശ്രീമതി രാജി വി നായർ (പെൻ 712025) ന്റെ നിലവിലെ സ്റ്റേഷൻ സീനിയോറിറ്റിയും ഇലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റിയും 330 ദിവസം ആണ് എന്നും 2005 മുതൽ പത്തനംതിട്ട നഗരസഭയിൽ ജോലി ചെയ്തു വരുന്നുവെന്ന് ആക്ഷേപം ഉന്നയിച്ചിട്ടുള്ള ശ്രീ വിനോദ് ചന്ദ്രൻ 60% ന് മുകളിൽ ഭിന്നശേഷി ഉള്ള ജീവനക്കാരനാണ് എന്നും നിലവിൽ ടിയാൻ സ്ഥാനക്കയറ്റം ലഭിച്ച് ഹെഡ് ക്ലർക്ക് / എക്സ്റ്റൻഷൻ ഓഫീസർ എന്ന തസ്തികയിൽ കോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ നിയമനം നൽകിയിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. ജില്ലയ്ക്കു പുറത്തു നിന്നും ഹോം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഓട്ട് സ്റ്റേഷൻ സീനിയോറിറ്റിയും ജില്ലയ്ക്കകത്തെ സ്ഥലംമാറ്റത്തിന് സ്റ്റേഷൻ സീനിയോറിറ്റിയുമാണ് പരിഗണിക്കുന്നത് എന്നും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി തയ്യാറാക്കിയിട്ടുള്ള അന്തിമ ക്യൂ ലിസ്റ്റ് പ്രകാരം മാത്രമെ സ്ഥലംമാറ്റം അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം ശ്രീമതി. ജിൻസി ജോർജ്ജ് സമർപ്പിച്ച അപേക്ഷയിലെ വാദങ്ങൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ ടിയാളെക്കാൾ സീനിയോരിറ്റി കുറഞ്ഞവരെ ആദ്യ ഓപ്ഷനുകളിൽ നിയമിച്ചതായ വാദം വസ്തുതാപരമല്ലായെന്ന് കാണുന്നു. ശ്രീമതി. ജിൻസി ജോർജ്ജ്-നെക്കാൾ സ്റ്റേഷൻ സീനിയോറിറ്റിയും ഇലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റിയും കൂടുതലുള്ളവരാണ് ടിയാൾ പരാമർശിച്ച ജീവനക്കാർ. കൂടാതെ 2005 മുതൽ പത്തനംതിട്ട നഗരസഭയിൽ ജോലി ചെയ്യുന്നതായി പരാമർശിച്ച ജീവനക്കാരനെ നിലവിൽ സ്ഥലംമാറ്റിയിട്ടുള്ളതുമാണ്.

7. മേൽ സാഹചര്യത്തിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി തയ്യാറാക്കിയിട്ടുള്ള അന്തിമ ക്യൂ ലിസ്റ്റ് പ്രകാരം മാത്രമെ സ്ഥലംമാറ്റം അനുവദിക്കുന്നതിന് സാധിക്കയുള്ളുവെന്നതിനാൽ ശ്രീമതി. ജിൻസി ജോർജ്ജ്-ന്റെ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. ജിൻസി ജോർജ്ജ്, സീനിയർ ക്ലർക്ക്, നോർത്ത് പറവൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 04-01-2024 11:28:25

സെക്ഷൻ ഓഫീസർ